ചീക്കോട് വാട്ടർ സപ്ലൈ സ്കീം

113 [5379] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് വാട്ടർ സപ്ലൈ സ്കീം പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കീമിന്റെ പ്രവർത്തനം താമസംവിനാ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ചീക്കോട് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ചെലപ്പാറ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണ പുരോഗതി

114 [5380] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിലെ ചെലപ്പാറ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസിയേയാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) ആയതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) ചെലപ്പാറ കുടിവെള്ള വിതരണ പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേനയോ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേനയോ നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly